# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 346 — 15.03.2017-ൽ മറുപടിയ്ക്ക്

## നോട്ട് അസാധുവാക്കൽ

| | ചോദ്യം<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീ. ഇ.പി.ജയരാജൻ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.വി.ജോയി | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നോട്ട് അസാധുവാക്കലിനെ തുടർന്ന് ഏതെല്ലാം നികുതി വിഭാഗങ്ങളിലാണ് ന്യൂനവളർച്ച ഏറ്റവും കൂടുതലായി കാണപ്പെട്ടത്; | (എ) | നോട്ട് അസാധുവാക്കലിനെ തുടർന്ന് വിവിധ നികുതി വിഭാഗങ്ങളിലെ ന്യൂന വളർച്ച സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**വാണിജ്യ നികുതി വകുപ്പ്**<br>സംസ്ഥാനത്ത് നോട്ട് നിരോധനത്തെ തുടർന്ന് വാണിജ്യ നികുതി മേഖലയിൽ 2016 ഡിസംബർ മാസത്തിൽ മുൻ കൊല്ലത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2% നെഗറ്റീവ് ഗ്രോത്താണ് രേഖപ്പെടുത്തിയത്. 19% വളർച്ച പ്രതീക്ഷിച്ച സ്ഥാനത്താണ് ഈ കുറവ് ഉണ്ടായത്.<br>**രജിസ്ട്രേഷൻ വകുപ്പ്**<br>രജിസ്ട്രേഷൻ വകുപ്പിൽ 2016 നവംബർ മുതൽ 2017 ജനുവരി വരെ നികുതി വരുമാനത്തിൽ 839.40 കോടി രൂപ പ്രതീക്ഷിച്ചതിൽ 527.6 കോടി രൂപയുടെ വരുമാനമാണ് ലഭിച്ചത്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ നിന്നും 311.80 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>മോട്ടോർ വാഹന വകുപ്പ്</u>**<br>മോട്ടോർ വാഹന വകുപ്പിൽ നോട്ട് നിരോധനം വന്നതിനുശേഷം വാഹന രജിസ്ട്രേഷനിൽ മുൻ വർഷത്തെ അപേക്ഷിച്ച് 10.5% കുറവുണ്ട്. തന്മൂലം വാഹന രജിസ്ട്രേഷൻ മുഖേനയുള്ള പ്രതീക്ഷിത വരുമാനത്തിൽ 2016 ഡിസംബറിൽ 11.59% വും 2017 ജനുവരിയിൽ 1.6% വും കുറവുണ്ടായിട്ടുണ്ട്.<br>**<u>ലാന്റ് റവന്യൂ വകുപ്പ്</u>**<br>ലാന്റ് റവന്യൂ വകുപ്പിലെ പ്രധാന നികുതിയിനമായ അടിസ്ഥാന ഭൂനികുതിയിൽ 2016 ജനുവരി 31 ന് 115.33 കോടി രൂപ വരുമാനം ലഭിച്ച സ്ഥാനത്ത് 2017 ജനുവരി 31 ന് 56.48 കോടി രൂപ മാത്രമാണ് നികുതിയിനത്തിൽ ലഭിച്ചിട്ടുള്ളത്. ഈ ഇനത്തിൽ 58.85 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. അടിസ്ഥാന ഭൂനികുതി ഒഴികെയുള്ള മറ്റു നികുതികളിൽ 2016 ജനുവരി 31 വരെയുള്ള വരുമാനം 31.94 കോടി രൂപയും 2017-ൽ ഇതേ കാലയളവിലെ നികുതി വരുമാനം 31.07 കോടി രൂപയുമാണ്. അതായത് പ്രസ്തുത നികുതിയിനത്തിലും 0.87 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.<br>**<u>എക്സൈസ് വകുപ്പ്</u>**<br>നോട്ടു നിരോധനം നിലവിൽ വന്നതിനു ശേഷം 2016 നവംബർ 9 മുതൽ 2017 ഫെബ്രുവരി 28 വരെ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനം 729.28 കോടി രൂപയും ഈ കാലയളവിൽ ലഭിച്ച തുക 580.58 കോടി |

| | | | |
|---|---|---|---|
| | | | രൂപയുമാണ്. ടി കാലയളവിൽ പ്രതീക്ഷിച്ച വരുമാനത്തിൽ 148.71 കോടി രൂപയുടെ കുറവുണ്ടായി. |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക ആസൂത്രണ പ്രവർത്തനങ്ങളെ ഇത് കൂടുതലായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | നോട്ട് നിരോധനം മൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വന്ന കുറവ് സാമ്പത്തിക ആസൂത്രണ പ്രവർത്തനങ്ങളെ കൂടുതലായി ബാധിക്കാതിരിക്കാനും ഇതിനായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. വാണിജ്യ നികുതി വകുപ്പിൽ നികുതി പിരിവിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെ തന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>5. റിട്ടേൺ സ്കൂട്ടിനി, കടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി<br>6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തി |

| | | | |
|---|---|---|---|
| | | | 9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി<br>10. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>11. ദീർഘ കാലമായുള്ള നികതി കടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>12. അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ (സി) ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>13. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലും ഉള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കു ന്നതിനുള്ള സോഫ്റ്റ് വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.<br>14. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>15. റെയിൽവേ വഴി സംസ്ഥാനത്തിനു പുറത്തേക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കുകയും റെയിൽവേ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷൻ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം സജ്ജമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 16. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.<br>17. വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക് പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കടന്നു വരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>18. നോട്ട് അസാധുവാക്കൽ മൂലം നികുതി വരുമാനം കുറയുന്നത് പരിഹരിക്കുന്നതിനായി രജിസ്ട്രേഷൻ ഫീസ് ഡി.ഡി. ആയി സ്വീകരിക്കുന്നതിന് അനുമതി നൽകി.<br>19. മോട്ടോർ വാഹന വകുപ്പിൽ ഫീസ്, ടാക്സ് എന്നിവ അടയ്ക്കുന്നതിന് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തി. |
| **(സി)** | വ്യാപാരമേഖലയിലുണ്ടായ ഇടിവ് മൂലം വാണിജ്യ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | **(സി)** | സംസ്ഥാനത്ത് നോട്ടു നിരോധനത്തെ തുടർന്ന് വാണിജ്യ നികുതി മേഖലയിൽ 2016 ഡിസംബർ മാസത്തിൽ മുൻ കൊല്ലത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2% നെഗറ്റീവ് ഗ്രോത്താണ് രേഖപ്പെടുത്തിയത്. 19% വളർച്ച പ്രതീക്ഷിച്ച സ്ഥാനത്താണ് ഈ കുറവ് ഉണ്ടായത്. |
| **(ഡി)** | സംസ്ഥാനത്തിന്റെ വാർഷിക പദ്ധതികളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളെയും പ്രസ്തുത വരുമാന നഷ്ടം വലിയതോതിൽ ബാധിക്കുമെന്നിരിക്കെ, ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | **(ഡി)** | നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മേൽ സൂചിപ്പിച്ച അടിയന്തിര നടപടികൾ സ്വീകരിച്ചതിനു പുറമെ പശ്ചാത്തല സൗകര്യ മേഖലയിൽ അനിവാര്യമായ മൂലധനചെലവിനുള്ള പണം കണ്ടെത്തുന്നതിലേയ്ക്കായി 'കിഫ്ബി' പോലുള്ള പ്രത്യേക നിക്ഷേപ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താൻ മുൻകൈയെടുത്തിട്ടുണ്ട്. ഇതിനായി സമഗ്രമായ നിയമ നിർമ്മാണം പൂർത്തീകരിക്കുകയും സാർവ്വത്രിക |

| | | | |
|---|---|---|---|
| | | | അംഗീകാരമുള്ള വിദഗ്ധരടങ്ങുന്ന ഡയറക്ടർ ബോർഡിന് രൂപം നൽകുകയും ചെയ്തു. ഫണ്ടിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾ വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്ന് സാക്ഷ്യപ്പെടുത്താനും ഫണ്ട്സ് ട്രസ്റ്റി ഉപദേശക കമ്മിഷന് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.